ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 782/15 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രതികളുടെ വിവരം ചുവടെ ചേർക്കുന്നു:

1	സുരേഷ് ബാബു, S/o. കൃഷ്ണൻ
2	അഭിലാഷ്, S/o. കുമാരൻ
3	രമേശൻ, S/o. കുഞ്ഞിരാമൻ
4	വിജേഷ്, പി., S/o. കുട്ടിയൻ
5	മഹേഷ്.എ, S/o. കുട്ടിയൻ
6	രാഹുൽ, S/o. ഗോവിന്ദൻ
7	അഖിലേഷ്, S/o. ഗോവിന്ദൻ
8	രഹ്തീഷ്, S/o. രത്നാകരൻ
9	സുദമൻ,S/o. കുഞ്ഞിരാമൻ
10	ശ്രീരാഖ്, S/o. ശ്രീധരൻ
11	സുനികുമാർ,S/o. ശങ്കരൻ കുന്നപാറ

(സി) മേൽ പറയുന്ന പ്രതികളിൽ 1, 2, 4, 5, 7, 11 എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. 3, 6, 8, 9, 10 എന്നീ പ്രതികളെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്.

എസ്.സി./എസ്.ടി. ആദിവാസി വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ

164 (1906) ശ്രീ. എ. കെ. ബാലൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.സി/എസ്.ടി, ആദിവാസി വിഭാഗങ്ങൾ സംസ്ഥാനത്ത് അരക്ഷിതരായിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ടവർ അതിക്രമങ്ങൾക്ക് ഇരയായതിന്റെ വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ വിശദമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത വിഭാഗങ്ങൾക്കെതിരെയുണ്ടായ അതിക്രമങ്ങളിൽ പോലീസ് പ്രതിസ്ഥാനത്തുള്ള കേസുകൾ ഉണ്ടോ; വെളിപ്പെടുത്താമോ;

(ഡി) 1989 ലെ ഷെഡ്യൂൾഡ് കാസ്റ്റ് ആന്റ് ഷെഡ്യൂൾഡ് ട്രൈബ്സ് പ്രിവൻഷൻ ഓഫ് അട്രോസിറ്റീസ് ആക്ട് സംസ്ഥാനത്ത് ഫലപ്രദമായി നടപ്പിലാക്കാൻ തയ്യാറാകുമോ; പ്രസ്തുത ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെ സ്ഥിതിവിവരകണക്കുകൾ ശേഖരിക്കാറുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 4,483 പേർ അതിക്രമങ്ങൾക്ക് ഇരയായിട്ടുണ്ട്. 4,391 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) 7 കേസ്സുകൾ ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. കേസ്സുകളുടെ സ്ഥിതിവിവര കണക്കുകൾ ചുവടെ ചേർക്കുന്നു:

No. of Cases Registered	4391
No. of Cases Under Investigation	541
No. of Cases Charge Sheeted	1960
No. of Cases Acquitted	286
No. of Cases Convicted	25

വടകര സബ്ജയിൽ

165 (1907) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളരെ പരിമിതമായ സൗകര്യങ്ങളോടുകൂടി വർഷങ്ങളായി പ്രവർത്തിച്ചുവരുന്ന വടകര സബ്ജയിൽ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ;

(ബി) ഇറിഗേഷൻ വകുപ്പ് ജയിൽ നിർമ്മിക്കാൻ അനുവദിച്ച സ്ഥലം ജയിൽ വകുപ്പിന് ലഭിക്കാൻ വേണ്ടി ബന്ധപ്പെട്ട വകുപ്പുമായി അടിയന്തരമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly